പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5317

2.07.2013-ലെ മറുപടിയ്ക്ക്

**അങ്കമാലി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യംമ്പുഴ, മഞ്ഞപ്ര, തുറവൂർ, മലയാറ്റൂർ-നീലീശ്വരം തുടങ്ങിയ പഞ്ചായത്തുകളിൽ വ്യവസായവകുപ്പിന്റെ കീഴിൽ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നുണ്ടോ; | എ)<br>&<br>ബി) | ആലുവ താലൂക്കിലെ മഞ്ഞപ്ര, തുറവൂർ, മാട്ടൂർ വില്ലേജുകളിൽ ഉൾപ്പെട്ട 472 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനായി 18.01.2010-ൽ ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിച്ച എങ്കിലും 9.11.2010-ൽ ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം മുഴുവൻ ഭൂമിയുടെയും ഏറ്റെടുക്കൽ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. മേൽപ്പറഞ്ഞ ഭൂമിയെ നെൽ വയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനായി കിൻഫ്ര പ്രാദേശിക നിരീക്ഷണ സമിതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>ഇതുകൂടാതെ അയ്യംമ്പുഴ വില്ലേജിൽപ്പെട്ട 250 ഏക്കർ ഭൂമിയിൽ National Investment Manufacturing Zone (NIMZ) -ന്റെ കീഴിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ലാൻഡ് അക്വിസിഷൻ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. |
| ബി) | എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | | |

സെക്ഷൻ ഓഫീസർ